# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6636** **09-11-2016-ൽ മറുപടിയ്ക്ക്**

## സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ

| | ചോദ്യം<br>ശ്രീ. എം.എം.മണി<br>ശ്രീ. വി. അബ്ദുറഹിമാൻ<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. വി.കെ.സി. മമ്മദ് കോയ | | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ചെറുതും വലുതുമായ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ നിയമവിരുദ്ധമായ രീതിയിൽ ബിസിനസ് നടത്തുന്നതായുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ നിയന്ത്രിക്കാനായി എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ; | (എ) & (ബി) | ഉണ്ട്.<br>കേരള മണിലെൻഡേഴ്സ് ആക്ടിന്റെ വകുപ്പ് 3(1)-ൽ എല്ലാ മണിലെൻഡർമാരും ലൈസൻസ് എടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അനധികൃതമായി പ്രവർത്തിക്കുന്ന മണിലെൻഡർമാരെ കണ്ടെത്തി പ്രസ്തുത ആക്ടിൻ കീഴിൽ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നത് നിരോധിക്കുന്നതിനും, പണം കടം കൊടുക്കൽ ബിസിനസ്സിൽ അമിത പലിശ ഈടാക്കുന്നതിന് കടുത്ത ശിക്ഷ വ്യവസ്ഥ ചെയ്യുന്നതുമായ 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ആക്ട് എന്ന നിയമം പുറപ്പെടുവിച്ചിട്ടുണ്ട്. 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന നിയമം വകുപ്പ് 3 പ്രകാരം 'ഏതൊരാളും അയാൾ നൽകുന്ന ഏതെങ്കിലും വായ്പയിന്മേൽ അമിത പലിശ ഈടാക്കാൻ പാടില്ലാത്തതാകുന്നു'. വകുപ്പ് 4 പ്രകാരം 'ഈ ആക്ട് പ്രകാരമുള്ള ഏതൊരു കുറ്റവും കോഗ്നൈസബിളും ജാമ്യം കൊടുക്കാവുന്നതല്ലാത്തും ആയിരിക്കുന്നതാണ്'. |
| (ബി) | സ്വർണ്ണപണയമിടപാടിലൂടെ താഴ്ന്ന വരുമാനക്കാരെ ചൂഷണം ചെയ്യുന്നതു അവസാനിപ്പിക്കാൻ മാർഗ്ഗമുണ്ടോ;വിശദമാക്കുമോ; | | |

| | | | |
|---|---|---|---|
| | | | വ്യാജ പണമിടപാട് പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരം കൈമാറുന്നതിനും, കേന്ദ്ര സംസ്ഥാന സർക്കാർ ഏജൻസികൾക്കിടയിൽ നിയന്ത്രണ മേൽനോട്ട സഹകരണം ശക്തിപ്പെടുത്തുന്നതിനും വേണ്ടി സെബിയുടെ ദക്ഷിണ റീജിയണൽ മാനേജർ, കേന്ദ്ര കമ്പനി കാര്യ വകുപ്പിന്റെ ഒരു പ്രതിനിധി, വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ, പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ/ നോമിനി, രജിസ്ട്രേഷൻ വകുപ്പ് ഇൻസ്പെക്ടർ ജനറൽ, ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ, സംസ്ഥാന ധനകാര്യ വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ എന്നിവർ ഉൾപ്പെട്ട ഒരു സംസ്ഥാനതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട് |
| (സി) | ഇത്തരം സ്ഥാപനങ്ങളുടെ ചൂഷണം അവസാനിപ്പിക്കാനായി കെ.എസ്.എഫ്.ഇ.യുടെ പ്രവർത്തന മേഖല വിപുലീകരിക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുമോ? | (സി) | സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽനിന്നും സാധാരണ ജനങ്ങളെ രക്ഷിക്കുന്നതിനുതകുമാറ് കെ.എസ്.എഫ്.ഇ.യ്ക്ക് ഒരു സ്വർണ്ണപണയ വായ്പാ പദ്ധതി നിലവിലുണ്ട്. ചുരുങ്ങിയ സാധാരണ പലിശ, 10000/- രൂപ വരെ 10%വും അതിനുമുകളിൽ 25 ലക്ഷം രൂപ വരെ 11%വും ആയി നിജപ്പെടുത്തിയിരിക്കുന്നു. കെ.എസ്.എഫ്.ഇ.യുടെ 600 ഓളം ശാഖകളിലൂടെ വൈകുന്നേരം 4.30 മണിവരെ സ്വർണ്ണ പണയ വായ്പ ലഭ്യമാണ്. മാർക്കറ്റ് വിലയുടെ 75%വരെ വായ്പ ഈ ഇനത്തിൽ അനുവദിക്കുന്നുണ്ട് കെ.എസ്.എഫ്.ഇ.യുടെ ശാഖകളിൽ നല്ലൊരു ഭാഗവും പ്രവർത്തിക്കുന്നത് ഗ്രാമ പ്രദേശങ്ങളിലായതിനാൽ സാധാരണക്കാർക്ക് മേൽ വായ്പാ പദ്ധതി വളരെ ഉപയോഗ പ്രദമാണ്. |

സെക്ഷൻ ഓഫീസർ.